**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാലയങ്ങളിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് മൂലം എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർഥികളുടെ കൊഴിഞ്ഞു പോക്ക് പരിഹരിക്കുന്നതിനും സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കുന്നതിനും പഠനത്തിന് പ്രോത്സാഹനവും സഹായകരവും ആകുന്ന തരത്തിൽ താഴെപറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1.മോഡൽ റസിഡൻഷ്യൽ സ്കൂൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>2. പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ<br><br>3. പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>4. പ്രൈമറി /സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്<br><br>5. പഠന മുറി /സാമൂഹ്യപഠനമുറി<br><br>6.പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ<br><br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം<br><br>8. വിദ്യാവാഹിനി<br><br>9. ഗോത്രബന്ധു<br><br>10. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br><br>11. അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻഫീസ് റീഇംബേഴ്സ്മെന്റ് |

| | | | |
|---|---|---|---|
| | | | കൂടാതെ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽകരണം നടത്തി വരുന്നു. |
| (ബി) | സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കാൻ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അതിന്റെ പുരോഗതിയും അറിയിക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർഥികളുടെ കൊഴിഞ്ഞു പോക്ക് പരിഹരിക്കുന്നതിനും സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കുന്നതിനും പഠനത്തിന് പ്രോത്സാഹനവും സഹായകരവും ആകുന്ന തരത്തിൽ താഴെപറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1.മോഡൽ റസിഡൻഷ്യൽ സ്കൂൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>2. പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ<br><br>3. പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>4. പ്രൈമറി /സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്<br><br>5. പഠന മുറി /സാമൂഹ്യപഠനമുറി<br><br>6.പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ<br><br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം<br><br>8. വിദ്യാവാഹിനി<br><br>9. ഗോത്രബന്ധു<br><br>10. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br><br>11. അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻഫീസ് റീഇംബേഴ്സ്മെന്റ്<br><br>കൂടാതെ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽകരണം നടത്തി വരുന്നു. |
| (സി) | ഇതിനായി മറ്റ് ഏതൊക്കെ വകുപ്പുകളുടെ സഹകരണമാണ് ഇതുവരെ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | പൊലീസ് ഡിപ്പാർട്ട്മെന്റിലെ സോഷ്യൽ പൊലീസിങ് ഡയറക്ടറേറ്റുമായി സഹകരിച്ച് ഹോപ്പ് പദ്ധതിയിലൂടെ കുടുംബ പശ്ചാത്തലവും സാഹചര്യങ്ങളും മൂലം പഠനം പാതി വഴിയിൽ ഉപേക്ഷിക്കുന്ന കുട്ടികളേയും എസ് എസ് എൽ സി പ്ലസ്ടു പരീക്ഷകളിൽ പരാജയപ്പെട്ട വിദ്യാർഥികളെയും കണ്ടെത്തി അവർക്ക് തുടർ പഠനത്തിന് അവസരമൊരുക്കുന്നുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തുടങ്ങിയവരുടെ സഹകരണത്തോടുകൂടി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം വിദ്യാർത്ഥികൾ നേടുന്നതിനും സംയുക്ത ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ